(ബി) പ്രസ്തുത വിഷയത്തിൽ എന്നത്തേയ്ക്ക് അന്തിമ ഉത്തരവ് ലഭ്യമാകുമെന്നും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലുവ നിയോജകമണ്ഡലത്തിൽ, ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതുമായ ഭൂമി, പഞ്ചായത്തിന് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിനായി പതിച്ചു നൽകുന്ന വിഷയം എൻ2/109/2017/റവന്യൂ ഫയലിൽ പരിശോധിച്ചുവരുന്നു. ആയത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

മങ്കട മണ്ഡലത്തിലെ മിച്ചഭൂമി

325(4335) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മിച്ചഭൂമി ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ലഭ്യമാണ്. മങ്കട നിയോജകമണ്ഡലത്തിൽ കോട്ടൂർ വില്ലേജിൽ കിളിയമണ്ണിൽ മൊയ്തുഹാജിയിൽ നിന്ന് മിച്ചഭൂമിയായി പ്രഖ്യാപിച്ച 23.036 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ടി ഭൂമി മുഴുവനും അന്യകൈവശത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉപയോഗത്തിലല്ലാത്ത സർക്കാർ ഭൂമി ഉണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ഉപയോഗത്തിലില്ലാത്ത സർക്കാർ ഭൂമി ഇല്ല.

പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി

326(4336) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly